# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.654     28.09.2016-ൽ മറുപടിയ്ക്ക്

## ചാലിശ്ശേരി - പാവറട്ടി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | തൃശ്ശൂർ ജില്ലയിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്ന പരിഹാരത്തിനായി , നിലവിലുള്ള 'ചാലിശ്ശേരി - പാവറട്ടി പദ്ധതി' മേൽപ്പറഞ്ഞ രണ്ട് പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വികരിക്കുമോ; | എ | പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞ ചാലിശ്ശേരി പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കാവശ്യമായ 4 എം.എൽ.ഡി ശുദ്ധജലം വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതിയ്ക്ക് 1360 ലക്ഷം രൂപയുടെ ഭരണാനുമതി 01.03.2016-ന് നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി | ചാലിശ്ശേരി - പാവറട്ടി കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി | പാവറട്ടിയും ചാലിശ്ശേരി ഉൾപ്പെടുന്ന സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ നവീകരണത്തിന് 04.03.2016-ൽ 1725 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭാരതപ്പുഴയിൽ കിണർ, മോട്ടോർ പമ്പ് സെറ്റും, റോ വാട്ടർ പമ്പിംഗ് മെയിൻ, 33 എം.എൽ.ഡി ജല ശുദ്ധീകരണശാല, ട്രാൻസ്ഫോർമർ എന്നിവയാണ് ഘടകങ്ങൾ. ഇതിൽ ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിണർ നിർമ്മാണത്തിന്റെ കരാർ ഒപ്പിട്ട് പ്രാരംഭ പ്രവർത്തികൾ തുടങ്ങിയിട്ടുണ്ട്. മറ്റ് ഘടകങ്ങളുടെ പ്രവൃത്തികൾ ഏർപ്പാടാക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ